# അസോസിയേഷൻ ഓഫ് കേരള ഗവൺമെന്റ് കോളേജ് ടീച്ചേഴ്സ്
# (എ.കെ.ജി.സി.ടി.)
# സംസ്ഥാന പ്രവർത്തകസമിതിയോഗം SWC 06/2021
# 04.09.2021 ഗൂഗിൾ മീറ്റ്

## മിനിട്സ്

**അജണ്ട**

1. അനുശോചനം
2. ജനറൽ സെക്രട്ടറിയുടെ റിപ്പോർട്ടിംഗ്
3. ജില്ലാ റിപ്പോർട്ടിംഗ്
4. എൻ.ഇ.പി. സെപ്റ്റംബർ 6 പ്രക്ഷോഭം
5. മെമ്പർഷിപ്പ്
6. റിട്ടേഡ് ടീച്ചേഴ്സ് കോപ്പറേറ്റീവ് വെൽഫെയർ സൊസൈറ്റി.
7. യൂണിറ്റ് വിസിറ്റ്
8. എം.ബി.ടി., സംഘശബ്ദം
9. വനിതാ സബ്കമ്മിറ്റി, അക്കാദമിക് കമ്മിറ്റി, എ.സി.എസ്.ആർ

**ഹാജർ**

ഡോ. എൻ. മനോജ്, ഡോ. എം. സത്യൻ, ഡോ. മുഹമ്മദ് റഫീഖ് ടി., ഡോ. ഗീത നമ്പിയാർ എം. കെ., ഡോ. രാജേഷ്കുമാർ പി., ഡോ. വിനു ഭാസ്ക്കർ, രഘുദാസ് പി. വി., ശശി സി. ടി., ഡോ. സുനിൽ വി. ടി., ഡോ. പ്രിൻസ് പി. ആർ., സൗമ്യ എസ്, ഡോ. മാണിക്യരാജ് കെ., ഡോ. എം. എ. അസ്കർ, ഡോ. സുനിത എ. പി., ഡോ. ഷാനവാസ് പി. എച്ച്., ഡോ. ബേബി ഷീബ, ഡോ. സഞ്ജയ്കുമാർ എസ്., ജിനീഷ് പി. എസ്., ഡോ. എം. എസ്. മുരളി, ഡോ. ജോജോമോൻ എൻ.എ., ഡോ. ബി. അശോക്, സജിത്ത് കുമാർ പി., രജിത സി. ആർ., ഡോ. എ. ബാലകൃഷ്ണൻ, ഡോ. പ്രദീപ് കുമാർ, ഡോ. അനൂപ് ജെ. ആലക്കപ്പള്ളി, രഞ്ജിത് മോഹൻ പി., ആൽബർട്ട് ആന്റണി, അബ്ദുൾ റഷീദ്, സുശാന്ത് ബി., ദിനേശ് പി. കെ., സോബിൻ വർഗീസ് എം വി, മഞ്ജുള കെ. വി., ആസിഫ് ഇക്ബാൽ കാക്കശ്ശേരി, ഡോ. അലിക്കുട്ടി സി., ഡോ. റോസ്നികസ് പി. കെ., ഡോ. വിഷ്ണു വി.എസ്., ഡോ. സുമിജോയി ഒലിയപ്പുറം, ഡോ. ഗ്രേഷ്യസ് ജെ., ഡോ. സെനോ ജോസ്, ഡോ. ആനന്ദ് ദിലീപ് രാജ്, ജയരാജ് ജെ., ഡോ. ഷജില ബീവി, ഡോ. റിജുലാൽ ജി., ഡോ. ചന്ദ്രമോഹൻ കെ. ടി., രാജു. എം. സി.

രാവിലെ 10ന് ഓൺലൈനായി ചേർന്ന യോഗത്തിൽ സംസ്ഥാന പ്രസിഡണ്ട് ഡോ. എൻ മനോജ് ആധ്യക്ഷം വഹിച്ചു. ജനറൽ സെക്രട്ടറി ഡോ. എം. സത്യൻ റിപ്പോർട്ട് അവതരിപ്പിച്ചു. സംസ്ഥാന ട്രഷറർ ഡോ. മുഹമ്മദ് റഫീഖ് അനുശോചന പ്രമേയം അവതരിപ്പിച്ചു.

**അനുശോചനം**

ദ്രോണാചാര്യ അവാർഡ് ജേതാവ് ഒ.എം നമ്പ്യാർ, ചലച്ചിത്ര താരം ചിത്ര, ഉത്തർപ്രദേശ് മുൻ മുഖ്യമന്ത്രി കല്യാൺ സിംഗ്, മുൻ ഫുട്ബോൾ താരം ഒളിമ്പ്യൻ ഒ. ചന്ദ്രശേഖരൻ, സാമൂഹികശാസ്ത്രജ്ഞരും മനുഷ്യാവകാശ പ്രവർത്തകയുമായ ഗെയിൽ ഓംവെറ്റ്, നിർമാതാവും പാചകം വിദഗ്ധനുമായ നൗഷാദ്, കോവിഡ് മഹാമാരിയിൽ അകപ്പെട്ട നമ്മെ വിട്ടുപിരിഞ്ഞ അനേകായിരം മനുഷ്യർ, ആരോഗ്യപ്രവർത്തകർ തുടങ്ങിയവരുടെ നിര്യാണത്തിൽ കമ്മിറ്റി അനുശോചനം രേഖപ്പെടുത്തുന്നു.

**ജനറൽ സെക്രട്ടറിയുടെ റിപ്പോർട്ട്**

സ്പാർക്കുമായി ബന്ധപ്പെട്ട് ധാരാളം പരാതികൾ നിലവിൽ ഉണ്ട്. സ്പാർക്കുമായി ബന്ധപ്പെട്ട പരാതിയിലും, നമ്മുടെ ഡി.എ. വർധിപ്പിക്കുന്ന വിഷയത്തിലും, ഏഴാം ശമ്പള പരിഷ്കരണത്തിന്റെ അരിയർ തുക ലഭിക്കുന്നതുമായും ബന്ധപ്പെട്ട് ഇന്നലെ ബഹു. ധനകാര്യ വകുപ്പ് മന്ത്രി, അദ്ദേഹത്തിന്റെ പി.എസ്., എ.പി.എസ്. എന്നിവരുമായി സംസ്ഥാന ജനറൽ സെക്രട്ടറിയും പ്രസിഡണ്ടും നേരിട്ട് ചർച്ച നടത്തുകയും എത്രയുംവേഗം പ്രശ്നം പരിഹരിക്കാൻ ധാരണയാവുകയും ചെയ്തു. സ്പാർക്കുമായി ബന്ധപ്പെട്ട പരാതികൾ പരിഹരിക്കുന്നതിന് വേണ്ടി അടുത്ത ആഴ്ച മുതൽ 15 പേരെ ഉൾപ്പെടുത്തി ഒരു കോൾ സെൻറർ ഫെസിലിറ്റി അവിടെ ഏർപ്പെടുത്താമെന്ന് ഫിനാൻസിൽ നിന്നും ഉറപ്പുനൽകിയിട്ടുണ്ട്.

പ്രൊഫസർഷിപ്പുമായി ബന്ധപ്പെട്ട് അധ്യാപകരിൽ നിന്നും കോളേജ് വിദ്യാഭ്യാസവകുപ്പ് അപേക്ഷ ക്ഷണിച്ചിട്ടുണ്ട്. എന്നാൽ അതിൽ പറയുന്ന സെപ്റ്റംബർ 15 എന്ന അവസാന തീയതി ദീർഘിപ്പിച്ച് കിട്ടാൻ വേണ്ടി സംഘടന ഡയറക്ടർക്ക് കത്ത് നൽകുകയുണ്ടായി. പ്രിൻസിപ്പൽ നിയമനം സീനിയോറിറ്റി അടിസ്ഥാനത്തിൽ നൽകുന്നതിന് വേണ്ട നടപടികൾ വളരെ വേഗത്തിൽ പുരോഗമിക്കുന്നുണ്ട്.

അധ്യാപകരുടെ പൊതു സ്ഥലംമാറ്റവുമായി ബന്ധപ്പെട്ട് ആഗസ്റ്റ് 31ന് ഉത്തരവിറങ്ങി. നമ്മുടെ സ്ഥലംമാറ്റ ചട്ടങ്ങൾ അനുസരിച്ച് ആഗസ്റ്റ് 31ന് ഉത്തരവിറക്കാൻ സാധിക്കാത്ത പക്ഷം സ്ഥലംമാറ്റം ഈ വർഷം നടത്തുന്നതിന് സാങ്കേതികമായ തടസ്സം നേരിടുന്ന ഒരു സ്ഥിതിവിശേഷം ഉണ്ടായിരുന്നു. ആയതിനാൽ സംഘടന ശക്തമായ ഇടപെടൽ നടത്തിയതിന്റെ ഭാഗമായാണ് 31ന് എല്ലാ വിഷയങ്ങളുടെയും സ്ഥലംമാറ്റ ഉത്തരവ് പുറത്തിറങ്ങിയത്. ഇത്തവണയും മുൻ വർഷത്തെപ്പോലെ തീരെ പരാതികളില്ലാതെ ട്രാൻസ്ഫർ പൂർത്തിയാക്കാൻ നമുക്ക് സാധിച്ചിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട എല്ലാ പരാതികളും സമയബന്ധിതമായി പരിഹരിക്കുവാനും നമുക്ക് സാധിച്ചിട്ടുണ്ട്. പ്ലെയിസ്മെന്റുമായി ബന്ധപ്പെട്ട് അസോസിയേറ്റ് പ്രൊഫസർമാരുടെ സ്ക്രീനിങ് കഴിഞ്ഞ് 180 അധ്യാപകരുടെ ഉത്തരവ് ഡയറക്ടർ ഒപ്പുവച്ചിട്ടുണ്ട്. 6000-7000, 7000-8000 പ്ലെയിസ്മെന്റുകളിൽ ഏകദേശം ആയിരത്തോളം അപേക്ഷകൾ ഡയറക്ടറേറ്റിൽ ലഭിച്ചിട്ടുണ്ട്. ഇവയുടെ സർവീസ് ഡീറ്റെയിൽസ് എ.ജി.യിൽ നിന്നും ലഭിക്കേണ്ടതുണ്ട്. എന്നാൽ സംഘടന നടത്തിയ ഇടപെടലിന്റെ ഭാഗമായി 6000-7000 പ്ലെയിസ്മെന്റ് ലഭിച്ചവരുടെ സർവീസ് ഡീറ്റെയിൽസ് നേരത്തെ ലഭിച്ചിട്ടുള്ളതിനാൽ അത് പ്രയോജനപ്പെടുത്തി 7000-8000 പ്ലെയിസ്മെന്റ് നൽകാമെന്ന് യൂ.ജി.സി. സെൽ സമ്മതിച്ചിട്ടുണ്ട്.

നമ്മുടെ സംഘടനാഅംഗവും സംസ്കൃത കോളേജ് യൂണിറ്റ് പ്രസിഡണ്ടുമായ ഡോ. ഫൈൻ സി ദത്തൻ 2021 ടോക്യോ ഒളിമ്പിക്സിൽ ടെക്നിക്കൽ ഒഫീഷ്യലായി പങ്കെടുത്തിരുന്നു. ഇതിന്റെ ഭാഗമായി അദ്ദേഹത്തെ അനുമോദിക്കുന്ന ഒരു പരിപാടി 28-08-2021ന് സംഘടന സംസ്ഥാന തലത്തിൽ സംഘടിപ്പിച്ചു. പ്രസ്തുത പരിപാടി ബഹു. കായിക വകുപ്പ് മന്ത്രി ശ്രീ. വി. അബ്ദുറഹ്മാൻ ഉദ്ഘാടനം ചെയ്തു. സംസ്ഥാനത്തെ മുഴുവൻ സർക്കാർ കോളജ് അധ്യാപകർക്കും എൽ. എം. എസ്. ട്രെയിനിങ് നൽകുന്നതിനാവശ്യമായ നടപടികൾ ഉടൻ തന്നെ ഉണ്ടാവുന്നതാണ്.

സെപ്റ്റംബർ 6ന് രാജ്യത്തെ വിദ്യാഭ്യാസ മേഖലയെ തകർക്കുന്ന കേന്ദ്ര സർക്കാരിന്റെ പുതിയ ദേശീയ വിദ്യാഭ്യാസ നയത്തിനെതിരെ 19 സർവ്വകലാശാല കേന്ദ്രങ്ങളിലാണ് ആണ് നാം എ.കെ.പി.സി.ടി.എ, എഫ്.യു.ടി.എ എന്നിവരുമായി ചേർന്ന് പ്രക്ഷോഭപരിപാടികൾ നടത്താൻ തീരുമാനിച്ചിരിക്കുന്നത്. എന്നാൽ

കോവിഡിന്റെ പ്രത്യേക പശ്ചാലത്തിൽ കലാമണ്ഡലം ഒഴിവാക്കുകയും, വയനാട് പൂക്കോട് വെറ്ററിനറി സർവകലാശാലയിൽ സെപ്റ്റംബർ 10ന് പ്രക്ഷോഭ പരിപാടി നടത്താനും തീരുമാനിച്ചു. 19 കേന്ദ്രങ്ങളിൽ 7 എണ്ണത്തിന്റെ ചുമതല എ.കെ.ജി.സി.ടി.ക്കാണ്.

യൂണിറ്റ് വിസിറ്റ് സെപ്റ്റംബർ മാസം പത്തിന് ആരംഭിച്ച് 30നുള്ളിൽ പൂർത്തിയാക്കാൻ വേണ്ട നടപടികൾ സ്വീകരിക്കണം. മെമ്പർഷിപ്പ് പ്രവർത്തനം യൂണിറ്റുകളിൽ നടക്കുന്നുണ്ട് എന്നാൽ വേണ്ട രീതിയിൽ ഉള്ള പുരോഗതി കാണുന്നില്ല. അതിൽ സജീവമായ ഇടപെടൽ നമ്മൾ നടത്തണം. ജില്ലാ സെക്രട്ടറിമാർ മെമ്പർഷിപ്പ് തുക അക്കൗണ്ടിൽ നിക്ഷേപിക്കുമ്പോൾ പ്രസ്തുത വിവരം ട്രഷററെ നേരിട്ട് വിളിച്ചു പറയുകയും റസീറ്റ് കോപ്പി അദ്ദേഹത്തിന് അയച്ചുകൊടുക്കുകയും ചെയ്യേണ്ടതാണ്.

എം.ജി. സർവ്വകലാശാലയിൽ പാർട്ട് ടൈം ഗവേഷണവുമായി ബന്ധപ്പെട്ട ഒരു വിഷയം ഉണ്ടായപ്പോൾ അവിടുത്തെ സിൻഡിക്കേറ്റ് മെമ്പർ ഡോ. ഷജില ബീവി വളരെ ക്രിയാത്മകമായ ഇടപെടൽ നടത്തുകയും ആ പ്രശ്നം സമയോചിതമായി പരിഹരിക്കുകയും ചെയ്തു. റിട്ടയേർഡ് അധ്യാപകരുടെ സൊസൈറ്റിയുമായും, അവരുടെ വിതുരയിലെ പ്രൊജക്റ്റുമായും ബന്ധപ്പെട്ട കാര്യങ്ങളിൽ സഹകരിച്ച് മുന്നോട്ടു കൊണ്ടുപോകുന്നത് സംബന്ധിച്ച് വിശദമായ ചർച്ച ചെയ്യേണ്ടതുണ്ട്.

ജനറൽ സെക്രട്ടറിയുടെ റിപ്പോർട്ടിനെ തുടർന്ന് ജില്ലാസെക്രട്ടറിമാർ ജില്ലാറിപ്പോർട്ടിംഗ് നടത്തി. അതിനു ശേഷം സംസ്ഥാനപ്രവർത്തക സമിതി അംഗങ്ങൾ ജനറൽ സെക്രട്ടറി അവതരിപ്പിച്ച റിപ്പോർട്ടും ഓരോ അജണ്ടയും സംബന്ധിച്ച് വിശദമായ ചർച്ച നടത്തി. ഇതേതുടർന്ന് താഴെപ്പറയുന്ന തീരുമാനങ്ങളെടുത്തു.

**തീരുമാനങ്ങൾ**

1. സെപ്റ്റംബർ 6ലെ എൻ.ഈ. പി. വിരുദ്ധസമരം പരിപൂർണ്ണ വിജയമാക്കാൻ എല്ലാവരും ശക്തമായ ഇടപെടൽ നടത്തണമെന്ന് തീരുമാനിച്ചു.
2. സ്പാർക്കുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും ഡി. എ., ശമ്പള പരിഷ്കരണ അരിയർ ലഭിക്കുന്നതിനും വീണ്ടും സജീവമായി ഇടപെടാൻ തീരുമാനിച്ചു.
3. മെമ്പർഷിപ്പ് പ്രവർത്തനം ഈ മാസം 30നുള്ളിൽ പൂർത്തീകരിക്കണമെന്ന് തീരുമാനിച്ചു.
4. യൂണിറ്റ് വിസിറ്റ് സെപ്റ്റംബർ 10നും 30നും ഇടയിൽ പൂർത്തിയാക്കാൻ തീരുമാനിച്ചു.
5. റിട്ടയേർഡ് അധ്യാപകരുടെ സൊസൈറ്റിയുമായും, അവരുടെ വിതുരയിലെ പ്രോജക്ടുമായും ബന്ധപ്പെട്ട കാര്യങ്ങൾ ചർച്ച ചെയ്ത് പ്രവർത്തക സമിതിയിൽ അവതരിപ്പിക്കുന്നതിനു വേണ്ടി ജനറൽ സെക്രട്ടറി, പ്രസിഡണ്ട്, ട്രഷറർ എന്നിവരെ പ്രവർത്തകസമിതി ചുമതലപ്പെടുത്തി.

യോഗം ഉച്ചക്ക് 1.30ന് അവസാനിച്ചു

അഭിവാദ്യങ്ങളോടെ

തിരുവനന്തപുരം
04-09-2021

ഡോ. എം. സത്യൻ
ജനറൽ സെക്രട്ടറി